# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3840 — 31.01.2014-ലെ മറുപടിയ്ക്ക്

## ത്രിവേണി സ്റ്റോറുകളും നീതി സ്റ്റോറുകളും വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ത്രിവേണി സ്റ്റോറുകളും നീതി സ്റ്റോറുകളും വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം നൽകുമോ; | (എ) കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ന്യായമായ വിലയ്ക്ക് വിൽപന നടത്തി അതിലൂടെ സംസ്ഥാനത്തെ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു. കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ സഞ്ചരിക്കുന്ന ത്രിവേണികൾ. ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുകയും ടി സ്റ്റോറുകൾ വഴി ഉത്സവ കാലങ്ങളിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിപണനം |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യതിലൂടെ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | അവശ്യസാധനങ്ങളുടെ വില എത്രമാത്രം നിയന്ത്രിക്കാൻ പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം മൂലം കഴിയുന്നുണ്ട്; വിശദാംശം നൽകുമോ; | (ബി) | ത്രിവേണി സ്റ്റോറുകളിലൂടെയും നീതി സ്റ്റോറുകളിലൂടെയും സഞ്ചരിക്കുന്ന സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായമായ നിരക്കിൽ വിപണനം നടത്തുന്നുണ്ട്. ഉൽസവ കാലങ്ങളിൽ പ്രത്യേകമായി സബ്സിഡിയോടെ നടത്തുന്ന വിപണനവും അവശ്യ സാധനങ്ങൾ മിതമായ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി പൊതുവിപണിയേക്കാൾ 15% മുതൽ 50% വരെ അവശ്യ സാധനങ്ങളുടെ വില കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം, കൃത്രിമ ക്ഷാമം എന്നിവ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | നീതി സ്റ്റോറുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്റ്റോറുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, വിപണന സാധ്യത കൂടി പരിഗണിച്ച് അപേക്ഷ ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ